ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 255-ാം ദിവസം

രാജൻ മനീഷിതം സധ്ര്യക് തവ സ്വാവദ്യമാർജ്ജനം
സിദ്ധ്യസിദ്ധ്യോ: സമം കുര്യാത് ദൈവം ഹി ഫലസാധനം (10-36-38)
മനോരഥാൻ കരോത്യുച്ചൈർജ്ജനോ ദൈവഹതാനപി
യുജ്യതേ ഹർഷശോകാഭ്യാം തഥാപ്യാജ്ഞാം കരോമിതേ (10-36-39)

*ശുകമുനി തുടർന്നു:*
പിന്നീട് വൃജത്തിൽ അരിഷ്ടൻ എന്ന് പേരായ ഒരു രാക്ഷസൻ ഒരു കൂറ്റൻ കാളയുടെ വേഷത്തിൽ ജനങ്ങളെ പേടിപ്പിച്ചു കൊണ്ട് വന്നുചേർന്നു. ആളുകൾ ഭയന്നോടുകയും കാലികൾ വിരണ്ട് പരക്കം പായുകയും ചെയ്തു. ഗർഭിണികളായ സ്ത്രീകളും പശുക്കളും സമയമാകാതെ പ്രസവിക്കുകയും ചെയ്തു. ഗോപൻമാരും അവരുടെ ഭാര്യമാരും കൃഷ്ണനെ അഭയം പ്രാപിച്ചു. കൃഷ്ണൻ മല്ലയുദ്ധക്കാർ തയ്യാറെടുപ്പു നടത്തും പോലെ തുടയ്ക്കടിച്ച് വൃഷഭാസുരനെ തടുക്കാൻ തയ്യാറെടുത്തു. 'വിഡ്ഢീ നിന്നെപ്പോലുള്ള ദുഷ്ടരെ കൊല്ലാനാണ് ഞാനിവിടെയുള്ളത്.' കാളക്കൂറ്റൻ കൃഷ്ണനു നേരെ പാഞ്ഞെത്തി. കൃഷ്ണൻ അവനെ തടഞ്ഞ് പിന്നോട്ട് തള്ളി. പിന്നീട് അവൻെറ കൊമ്പൂരിയെടുത്ത് അവകൊണ്ട് തന്നെ അരിഷ്ടൻെറ കഥ കഴിച്ചു.

കൃഷ്ണൻെറ അത്യതിശയവീരകഥകളിലെ ഏറ്റവും ഒടുവിലത്തെ സംഭവം കേട്ടറിഞ്ഞ നാരദൻ കംസൻെറ രാജധാനിയിലെത്തി. അസുരരാജാവിനോട് കൃഷ്ണജൻമത്തിൻെറ രഹസ്യങ്ങളെല്ലാം നാരദൻ പറഞ്ഞു കൊടുത്തു. വസുദേവനും നന്ദനും കുഞ്ഞുങ്ങളെ കൈമാറിയതും കൃഷ്ണൻ വെറും തമാശപോലെ കംസൻെറ ആജ്ഞയനുസരിച്ചു നിഗ്രഹത്തിന് വന്ന രാക്ഷസൻമാരെ കൊന്ന കഥകളും നാരദൻ പറഞ്ഞു. കംസന് അപ്പോൾ തന്നെ വസുദേവനെ വധിക്കാനുള്ള ക്രോധമുണ്ടായി. എന്നാൽ നാരദൻ കംസനെ തടഞ്ഞു. ദേവകിയും വസുദേവനും വീണ്ടും തടവിലായി.

കംസൻ തൻെറ രാക്ഷസമന്ത്രിമാരുമായി ചർച്ച ചെയ്തു. എന്നിട്ട് ഇങ്ങിനെ ആജ്ഞാപിച്ചു. 'കേശി വൃജത്തിൽ പോയി ബലരാമനേയും കൃഷ്ണനേയും കൊല്ലട്ടെ. അതിനു സാധിച്ചില്ലെങ്കിൽ അവരെ ഇവിടെ വരുത്തി മല്ലവീരൻമാരായ മുഷ്ടികനെയും ചാണൂരനെയും വിട്ട് അവരെ വകവരുത്താം. അതിനും സാധിച്ചില്ലെങ്കിൽ ആനകളിൽ ഏറ്റവും ശക്തിമാനായ കുവലയാപീഡത്തെ കൊണ്ട് ജ്യേഷ്ഠാനിയൻമാരെ നിഗ്രഹിക്കാം. അവരെ കൊട്ടാരത്തിലേക്ക് വിളിക്കാനൊരു സന്ദർഭത്തിനായി ഒരു മൃഗബലിയും യാഗവും ശിവപ്രീതിക്കായി നടത്താൻ ഞാൻ കൽപ്പിക്കുന്നു.'

അതേസമയം കംസൻ അക്രൂരനെ വിളിച്ച് അനുനയസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. 'എൻെറ ജീവിതത്തിലെ നിർണ്ണായകമായ ഈ അവസ്ഥയിൽ ഞാൻ നിങ്ങളുടെ സഹായം തേടുകയാണ്. കൃഷ്ണൻ എന്നെ വധിക്കാനായാണ് ജനിച്ചിട്ടുള്ളതെന്ന് എനിക്ക് വിവരം ലഭിച്ചിരിക്കുന്നു. നിങ്ങൾ വൃന്ദാവനത്തിൽ പോയി എനിക്കു വേണ്ടി രാമകൃഷ്ണൻമാരെ ക്ഷണിക്കണം. യാഗബലിയും യജ്ഞവും കാണാൻ ഞാൻ ക്ഷണിക്കുന്നു എന്ന് പറയണം. എന്നൽ അവർ കൊട്ടാരത്തിലെത്തും മുൻപ് മല്ലവീരൻമാരോ മത്തഗജമോ അവരെ കൊല്ലും. അവർ മരിച്ചു കഴിഞ്ഞാൽപ്പിന്നെ എൻെറ എതിരാളികളെയെല്ലാം ഞാൻ പാടെ നിർമ്മാർജ്ജനം ചെയ്യും. എൻെറ സിംഹാസനത്തെ ആഗ്രഹിച്ചിരിക്കുന്ന എൻെറ പിതാവിനെപ്പോലും നിഗ്രഹിച്ച് ചുറ്റുമുള്ള മുള്ളുകളെയെല്ലാം മാറ്റി ഞാനീ ലോകത്തിൻെറ സർവ്വാധിപനാവും. ഈ പദ്ധതികളെല്ലാം നിങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.'

അക്രൂരൻ പറഞ്ഞു. 'സ്വരക്ഷക്കായി അങ്ങ് ആസൂത്രണം ചെയ്ത പദ്ധതികൾ നല്ലവണ്ണം ചിന്തിച്ചുറപ്പിച്ചതു തന്നെ. എന്നാൽ ഒരിക്കൽ കർമ്മത്തിലേർപ്പെട്ടാൽപ്പിന്നെ കർമ്മഫലത്തെപ്പറ്റി ആകുലപ്പെടരുത്. കാരണം അത് ദൈവഹിതമത്രെ. ദിവ്യഹിതം വിപരീതമാണെങ്കിൽ കൂടി ആളുകൾ ഉയർന്ന ആഗ്രഹങ്ങൾ വച്ചു പുലർത്തുന്നു. എന്നാൽ ഞാൻ അങ്ങയുടെ ആജ്ഞയനുസരിച്ചുകൊള്ളാം.' ഈ ചർച്ചയ്ക്കു ശേഷം കംസൻ അന്ത:പുരത്തിലേക്കും അക്രൂരൻ സ്വഗൃഹത്തിലേക്കും മടങ്ങി.